പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2102 — 17.12.2012 - ൽ മറുപടിയ്ക്ക്

**മുതലമട പഞ്ചായത്തിൽ പ്രത്യേക പോലീസ് ടീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നടന്ന കൊല പാതകങ്ങളും ബൈറൂട്ടുകളിലൂടെ നടത്തുന്ന കള്ളക്കടത്തും ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (എ) | നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 2 പേർ കൊല്ല പ്പെട്ടിട്ടുള്ളതും ആയതിന് 2 കേസു കൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ബൈറൂട്ടുകളിലൂടെ നടത്തുന്ന കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ എത്ര കേസു കളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച് കൊല്ലങ്കോട് സ്റ്റേഷൻ പരിധിയിലെ മുതലമട പഞ്ചായത്തിൽ ജ്യോതി, D/o അച്യുതൻ, വലിയചള്ള, ഗോവിന്ദ പ്പുരം എന്ന സ്ത്രീ കൊല്ലപ്പെട്ടതിന് കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം 175/12 U/s 302, 201 IPC ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ പ്രതിയായ ദേവദാസ് @ വിനു എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ് കൊല്ലങ്കോട് സർക്കിൾ ഇൻസ്പെക്ടർ അന്വേഷിച്ച് വരുന്നു. കേസ് അന്വേഷണാവസ്ഥയിലാണ്.<br>(2) ഈശ്വരി @ പാപ്പാത്തി, W/o കാളിമുത്തു കൗണ്ടർ, പന്തച്ചാർകാട്, ഗോവിന്ദപുരം എന്ന സ്ത്രീയെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയതിന് കിട്ടുച്ചാമി, എന്നയാളെ പ്രതിയാക്കി കൊല്ല ങ്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം 1385/12 U/s 302, 376 IPC ആയി മറ്റൊരു കൊലപാതക കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കേസ് അന്വേഷണാവസ്ഥ യിലാണ്. |
| (സി) | മുതലമട പഞ്ചായത്തിൽ ഒരു പോലീസ് ടീമിനെ നിയോഗി ക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ